# മൂന്നുനോമ്പിലെ ധ്യാനചിന്തകൾ

പോൾ റമ്പാച്ചൻ

‘ഞാൻ എന്റെ കഷ്ടത നിമിത്തം യഹോവയോട് നിലവിളിച്ചു. അവൻ എനിക്ക് ഉത്തരം അരുളി. ഞാൻ പാതാളത്തിന്റെ വയററിൽ നിന്ന് അയ്യം വിളിച്ചു. നീ എന്റെ നിലവിളി കേട്ടു.’

ഇത് യോനായുടെ അനുഭവമാണ്. യോനാ പ്രാർത്ഥിച്ചത് എപ്പോഴാണ്? പ്രാർത്ഥിക്കാൻ ഒരിക്കലും തോന്നാത്ത അവസ്ഥയിൽ, എന്തിനാണ് പ്രാർത്ഥിക്കുന്നത് എന്ന് വിചാരിക്കുന്ന സമയത്താണ് യോനാ പ്രാർത്ഥിക്കുന്നത്. മത്സ്യത്തിന്റെ വയററിൽവെച്ചാണ് യോനാ പ്രാർത്ഥിക്കുന്നത്. ഇതിന്റെ യാഥാർത്ഥ്യത്തെപ്പററി നാം ചിന്തിക്കേണം. മത്സ്യത്തിന്റെ വയററിൽവെച്ച് പ്രാർത്ഥിക്കാൻ സാധിക്കുമോ? ഈ മത്സ്യത്തിന് കടലാന എന്നാണ് വിളിക്കപ്പെടുന്നത്. ഇത് ഒരു സാധാരണ മത്സ്യമല്ല, വലിയ ഒരു ജീവിയാണ്. ആനയുടെ വലിപ്പമുള്ളതാണ് ഈ മത്സ്യത്തിന്. ഈ മത്സ്യത്തിന്റെ വയററിൽ വെച്ച് പ്രാർത്ഥിച്ചത് യുക്തിപൂർവ്വം ഇതിനോട് യോജിക്കൻ സാധിക്കുകയില്ല. ജീവിച്ചിരിക്കാൻ പോലും സാധ്യതയില്ലാത്ത മത്സ്യത്തിന്റെ വയററിൽ വെച്ച് എങ്ങനെയാണ് പ്രാർത്ഥിച്ചത്. ശരീരശാസ്ത്രവും ജീവശാസ്ത്രവും പഠിച്ചവർ ഇതിനോട് യോജിക്കുമോ? ഒരു മനുഷ്യനെ വിഴുങ്ങത്തക്കവിധം വലിപ്പമുള്ള ഒരു ജീവിയായിരുന്നു ആ മത്സ്യം. ആ ജീവിയുടെ ഉദരത്തിൽ പോയി കിടന്നാൽ എങ്ങനെ പ്രാർത്ഥിക്കാൻ കഴിയും? ഉദരത്തിൽ ചെന്നാൽ ദഹിച്ച് അതിന്റെ അസ്ഥിയും മാംസവുമായി ചേരുകയാണ് പതിവ്. എന്നാൽ കടലാനയുടെ വായിൽ കയറിയ യോന മരിക്കാതെ എങ്ങനെ ആമാശയം വരെ ചെന്നു. ആ ആമാശയത്തിൽ കിടന്ന് എങ്ങനെ പ്രാർത്ഥിച്ചു. ഇതെല്ലാം കെട്ടുകഥയാണോ? സങ്കല്പമാണോ? എന്നാൽ അത് ഒരു ചരിത്രസത്യമാണ്. അതിന് ശാസ്ത്രീയമായ അനേകതെളിവുകൾ ഉണ്ട്.

ഇത്തരം കടലാനയുടെ അസ്ഥിമജ്ഞരം ശാസ്ത്രജ്ഞന്മാർ കണ്ടെത്തി മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അതിന്റെ താടിയെല്ലിന് സാധാരണ വലിയപള്ളിയുടെ മദ്ബഹായുടെ വാതിലിന്റെ വലിപ്പം ഉണ്ട്. ഒരു വലിയ പള്ളിയുടെ വലിപ്പമാണ് കടലാനയ്ക്കുള്ളത്. അതിന്റെ വായ് തുറന്നാൽ അതിൽകൂടി ഒരു മനുഷ്യർക്ക് കയറിപോകുന്നതിന് ഒരു വിഷമവുമില്ല. നോഹയുടെ കാലം മുതൽ ഇത്തരം വലിപ്പം കൂടിയ ജീവികൾ കടലിൽ ഉണ്ട്. അന്ന് വെള്ളപ്പൊക്കത്തിൽ കരയിലെ ജീവികളെ കൂടി വിഴുങ്ങി കടലിലെ ജീവികൾക്ക് ഇത്തരം വലിപ്പമായി എന്നതാണ് സത്യം. ഇന്നും അത്തരം ജീവികൾ കടലിൽ ഉണ്ടെന്നാണ് സത്യം. മത്സ്യത്തിന്റെ വയററിൽ ഇരുന്നും കിടന്നും പ്രാർത്ഥിക്കാൻ യോനയ്ക്കു സ്ഥലം കിട്ടിയത് എങ്ങനെയെന്ന് മനസ്സിലായല്ലോ? യോന മരിക്കാതെ മത്സ്യത്തിന്റെ ആമാശയം വരെ ചെന്നു. ദൈവാത്മാവിന്റെ നിയോഗവും ആത്മാവിന്റെ മുദ്രയും ഉണ്ടായിരുന്നതുകൊണ്ട് യോനയ്ക്കു മരിക്കാൻ സാധ്യമല്ല. ദൈവത്തിന്റെ കരം അവിടെ ഉണ്ടായിരുന്നതുകൊണ്ട് ആ മത്സ്യത്തിന്റെ വായിലൂടെ ഉദരത്തിലെത്തിച്ചേർന്നതായ യോനായ്ക്കു അവിടെയിരുന്ന് പ്രാർത്ഥിക്കാൻ സാഹചര്യം ഉണ്ടായി. ദഹനക്കേടിന്റെ പ്രക്രിയ അവിടെ ആരംഭിച്ചു. ദൈവത്തിന്റെ പ്രവാചകനെ വിഴുങ്ങി കഴിഞ്ഞപ്പോൾ, ഈ പ്രവാചകൻ ഉയിർപ്പിന്റെ ശക്തിയോട് നിനവേയ്ക്കു പോകേണ്ട ആൾ

ആയതുകൊണ്ട് യോനയെകൊണ്ട് ദൈവത്തിന്റെ പദ്ധതി നടപ്പിലാക്കുവാൻ ഈ കടലാനയുടെ ഉദരത്തെ ഒരു ദൈവാലയമാക്കി മാററാൻ കഴിഞ്ഞു. മത്സ്യത്തിന്റെ വയററിൽ വായുക്ഷോഭം കാരണം വീർത്ത് വീർത്ത് വലിയ ഒരു പള്ളിയുടെ അത്രയും വലിപ്പമായി. അങ്ങനെ യോനായ്ക്കു അവിടെ ഇരുന്ന് പ്രാർത്ഥിക്കാൻ സ്ഥലം ഉണ്ടായി. ഇനിയും ശ്വസിക്കാൻ വായു എവിടെനിന്ന് കിട്ടും. പ്രാണവായുവില്ലാതെ 3 ദിവസം എങ്ങനെ മത്സ്യത്തിന്റെ വയററിൽ കഴിഞ്ഞത്. യോന ഇവിടെ തന്റെ കുററം ഏററെടുത്ത് തന്റെ അനുസരണക്കേടിന്റെ കുററം ഏററെടുക്കുന്നു. കടലാനയുടെ വയററിൽ കിടന്ന് യോനാ പ്രാർത്ഥിക്കുന്നു. ഒരു സൗകര്യമില്ലാതെയാണ് പ്രാർത്ഥിക്കേണ്ടത്. പ്രാർത്ഥിക്കാൻ ആഗ്രഹമുണ്ടായാൽ ദൈവത്തിന്റെ ആത്മാവ് അവിടെ സ്ഥലം ഉണ്ടാക്കിയിരിക്കും. ഞെരുക്കത്തിൽ അവൻ വിശാലത വരുത്തുമെന്ന് 4 ാം സങ്കീർത്തനത്തിൽ പറയുന്നു. ഞെരുക്കത്തിൽ വിശാല വരുത്തുന്ന ദൈവം, ആ വിശാലതയിൽ പ്രാർത്ഥിക്കാൻ കഴിയും. യോന കുററം സമ്മതിച്ചപ്പോൾ താൻ അനുതപിച്ചപ്പോൾ തനിക്ക് പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും തനിക്ക് ഉയിർത്തെഴുന്നേൽക്കാനും ഒരു വേദിയിതാ ദൈവം ഒരുക്കുന്നു. കടലിനടിയിൽ ആമാശത്തിനുള്ളിൽ ഒരുക്കിയെടുക്കുകയാണ്. അങ്ങനെയെങ്കിൽ എവിടെയിരുന്നും പ്രാർത്ഥിക്കാം. നമുക്ക് മനസ്സ് വേണം. ആഗ്രഹം വേണം. ഒരു സൗകര്യം ഇല്ലാത്ത സാഹചര്യത്തിലാണ് പ്രാർത്ഥിക്കുന്നത്. നാം എപ്പോഴാണ് പ്രാർത്ഥിക്കുന്നത്. ടീവിയിലെ സീരിയലും കണ്ട് കഴിഞ്ഞ് ഭക്ഷണം കഴിച്ച് ഒരു കുരിശു മാത്രം വരച്ച് 'കർത്താവേ കാത്തുകൊള്ളണമെ' എന്നു പറഞ്ഞ് കിടക്കുന്നതാണല്ലോ നമ്മുടെ പാരമ്പര്യം.

യോനായുടെ ബദ്ധപ്പാട് കണ്ടപ്പോൾ, ആ ശ്രമം കണ്ടപ്പോൾ ദൈവം വീണ്ടും സ്ഥലം വിശാലമാക്കി കൊടുക്കുകയാണ്. യോനാ കടലാനയുടെ വയററിൽ ആയിരുന്നെങ്കിലും തന്റെ നോട്ടം വിശുദ്ധ മന്ദിരത്തിലായിരുന്നു. സ്വർഗ്ഗത്തിലെ മന്ദിരത്തിലേക്ക് തന്റെ ബോധവിചാരമണ്ഡലങ്ങൾ ഉയർന്നുപൊങ്ങി പോകുന്നതായി കാണുന്നു. പ്രാർത്ഥനയുടെ വിജയരഹസ്യം യോനാ ഇവിടെ നമ്മളെ പഠിപ്പിക്കുകയാണ്. ഞെരുക്കങ്ങളുടെ മധ്യത്തിൽ എല്ലാ പ്രതിബന്ധങ്ങളുടെയും മധ്യത്തിൽ ആത്മശരീരമനസ്സുകൾ ബോധവിചാരഹൃദയമണ്ഡലങ്ങളെ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വിശുദ്ധ ആരാധനസ്ഥലത്തേക്ക് ഉയർത്താമെങ്കിൽ അവിടെ നിന്ന് വലിയ അനുഗ്രഹങ്ങൾ ഒഴുകിവരുമെന്ന് നമ്മെ പഠിപ്പിക്കുന്നു. എല്ലാ വിശുദ്ധ കുർബ്ബാനയിലും നമ്മുടെ ബോധവിചാരഹൃദയമണ്ഡലങ്ങൾ പിതാവിന്റെ സന്നിധിയിൽ ഉയർത്തണമെന്ന് പറയുന്നതിന്റെ രഹസ്യമിതാണ്. ആത്മശരീരമനസ്സുകളുടെ ഞെരുക്കങ്ങൾ നമ്മളെ ദൈവത്തിന്റെ സന്നിധിയിൽ ആയിരിക്കുമ്പോൾ നമ്മുടെ ശരീരം ഇവിടെ വെച്ചിട്ട് നമ്മുടെ ബോധവിചാരഹൃദയമണ്ഡലങ്ങൾ സ്വർഗ്ഗത്തോളം എത്തിച്ചുകഴിയുമ്പോൾ യോനായ്ക്കു ഉത്തരമരുളിയ ദൈവം നമുക്ക് ഉത്തരമരുളും. ആനീൻ മോറിയോ.. ആനീൻ മോറിയോ... എന്ന് പുരോഹിതൻ നെഞ്ചത്തടിച്ച് പ്രാർത്ഥിക്കുമ്പോൾ ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഉത്തരമരുളകയാണ്.

ആ കുർബ്ബാന ആർപ്പിക്കുമ്പോൾ സംബന്ധിക്കുന്ന ജനങ്ങൾക്ക് ഉത്തരം അരുളി ആശ്വാസം കൊടുക്കുമ്പോൾ നമ്മൾ സമാധാനത്തോട് പോകുവിൻ എന്നു പറയുമ്പോൾ പോകുന്നത്. വിശുദ്ധ കുർബ്ബാന കഴിയുമ്പോൾ 100% സമാധാനത്തോട് ആണോ പോകുന്നത്. വിശുദ്ധ കുർബ്ബാനയിൽ സമാധാനം കൊടുക്കുന്ന ഒരു പതിവ് ഉണ്ട്. പക്ഷേ ആ സമാധാനം ഇന്ന് ഒരു അനുഭവമാണോ അതോ പ്രഹസനമാണോ. ഈ സമാധാനം ഒരു വോളിബോൾ കളിയല്ലേ എന്ന് പരിശോധിക്കുന്നത് ഉചിതമാണ്. അല്ലെങ്കിൽ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് സമാധാനം കൊടുത്തായിരുന്നെങ്കിൽ ഇന്നത്തെ പള്ളിവഴക്കും പൊതുയോഗവഴക്കും ഒഴിവാക്കമായിരുന്നല്ലോ. യഥാർത്ഥ സമാധാനം നമുക്ക് ഉണ്ടോ? യോനാ പ്രാർത്ഥിച്ചതുപോലെ ആത്മാർത്ഥമായിട്ടാണെങ്കിൽ ഈ പ്രാർത്ഥന സമാധാനം നിറഞ്ഞുകവിയുമ്പോൾ കാസായിലും പീലാസായിലും കൈവെച്ചിട്ട് കൈനിറച്ചിട്ട് ജനങ്ങൾക്ക് സമാധാനം ഒഴുക്കിതരികയാണ്. സമാധാനനദി പോലെ ഒഴുകുന്നു എന്നാണ് യെശയ്യാവിന്റെ പുസ്തകത്തിൽ പറയുന്നു. ഞായറാഴ്ചത്തെ അല്ലെങ്കിൽ ആരാധനയിലെ സമാധാനം എന്നു പറയുന്നത് Bank ൽ deposit ചെയ്യുന്നതുപോലെയാകണം. അത് സ്വർഗ്ഗത്തിൽ നിന്ന് വന്നു, പുരോഹിതനിൽ നിന്ന് ജനങ്ങളിൽ എത്തിച്ചേരുന്നു. നമുക്ക് കിട്ടിയത് ആവശ്യത്തിനു മാത്രം എടുത്തിട്ട് ബാക്കി സ്വർഗ്ഗത്തിലെ ബാങ്കിൽ നിക്ഷേപിക്കുവാൻ തിരികെ പുരോഹിതനെ ഏൽപ്പിക്കുന്നു. അനുഗ്രഹങ്ങൾ കവിഞ്ഞൊഴുകണം എന്നാണ് വിശുദ്ധ കുർബ്ബാനക്രമത്തിൽ എഴുതിയിരിക്കുന്നത്.

സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങൾ വരണം, കവിഞ്ഞൊഴുകണം, അത് എല്ലാവർക്കും കിട്ടണം. നമ്മുടെ പിതാക്കന്മാർ കുർബ്ബാനക്രമവും തക്സായും എല്ലാം അങ്ങനെയാണ് ക്രമികരിച്ചിരിക്കുന്നത്. എന്നാൽ ഇന്നത്തെ ആരാധന അങ്ങനെയാണോയെന്ന് പരിശോധിക്കുക. നമ്മൾ നമ്മോട്തന്നെ ചോദിക്കുക. സമാധാനം യഥാർത്ഥത്തിൽ നമുക്ക് ലഭിക്കുന്നുണ്ടായെന്ന് ഉറപ്പുവരുത്തണം. നിത്യദയാലുവായി വായ്പകൊടുക്കുന്നവരായി സമാധാനം കൊടുക്കാൻ നമുക്ക് കഴിയണമായിരുന്നു. പഴമനിയമകാലത്ത് ഉൽപ്പത്തി 26 ാം അദ്ധ്യായത്തിൽ യേശുവിന്റെ മുൻകുറിയായ യിസഹാക്കിന്റെ അടുത്ത് ശത്രുക്കളും വീണ്കിടന്ന് നിന്റെ ദൈവം വലിയ ദൈവമാണെന്ന് പറഞ്ഞിട്ട് വലിയ സദ്യ ഉണ്ണിട്ട് പോയി. നമ്മുടെ അടുത്ത് ആരെങ്കിലും വന്നിട്ട് നമ്മുടെ ദൈവം വലിയ ദൈവമാണെന്ന് പറഞ്ഞിട്ടുണ്ടോ. നമ്മൾ എത്രനാൾ പള്ളിയിൽ പോകാൻ തുടങ്ങിയിട്ട്, ആരാധന തുടങ്ങിയിട്ട്, എത്രകാലമായി നോമ്പ് തുടങ്ങിയിട്ട്, വിശ്വാസപ്രമാണം ചൊല്ലാൻ തുടങ്ങിയിട്ട് എത്രകാലമായി. ആരെങ്കിലും നമ്മുടെ ഉള്ളിലെ ദൈവത്തെ കണ്ടിട്ടുണ്ടോ? ആ ദൈവം വലിയ ദൈവമാണെന്ന് പറഞ്ഞിട്ടുണ്ടോ? 1 യോഹന്നാൻ 4 ാം അദ്ധ്യായത്തിൽ യോഹന്നാൻ പറയുന്നത് ഈ ലോകത്തിനെക്കാൾ വലിയൊരു ദൈവം നമ്മുടെ ഉള്ളിൽ ജീവിക്കുന്നുണ്ടെന്ന് താൻ സാക്ഷ്യം പറഞ്ഞു. നമ്മുടെ ഉള്ളിലെ ദൈവം ലോകത്തുള്ള മുക്കൊടി ദേവന്മാരെക്കാൾ ഏതു ദേവന്മാരെക്കാൾ വലിയ ദൈവമാണെന്ന് അവരാണ് പറയേണ്ടത്.

നമ്മുടെ ജീവിതം കണ്ടാൽ മററുള്ളവർക്ക് സാക്ഷ്യം പറയാൻ ഇടവരണം. നമ്മുടെ ജീവിതം കണ്ടിട്ട്, സമാധാനം കണ്ടിട്ട്, ശാന്തത കണ്ടിട്ട്, സ്നേഹം കണ്ടിട്ട് നമ്മുടെ ദൈവം ഏററവും വലിയ ദൈവമെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ. ഇല്ലെങ്കിൽ നമ്മുടെ ഉള്ളിലെ ദൈവം വളർന്നിട്ടുണ്ടോയെന്ന് സംശയിക്കണം. കന്യകമറിയാമിന്റെ ഉള്ളിലെ യേശു കുഞ്ഞായിരുന്ന ഒരു കാലം, ബാലനായിരുന്ന ഒരു കാലം, 30 വയസ്സിനുശേഷം പിതാവിന്റെ പ്രിയപുത്രനായി അംഗീകരിക്കപ്പെട്ട് പിശാചിനെ തോൽപ്പിച്ചിട്ട് ആ യേശു മരിച്ചുയിർത്ത് എഴുന്നേററ് സ്വർഗ്ഗാരോഹണം ചെയ്തിട്ടാണ് പിതാവിന്റെ വലതുഭാഗത്തു ഇരിക്കുന്നത്. നമ്മുടെ മാമോദീസായിൽ ജനിച്ച യേശു വളർന്നിട്ടുണ്ടോ? കന്യകമറിയാം യേശുവിനെ വളർത്തിയതുപോലെ നമ്മുടെ ഉള്ളിലെ യേശുവിനെയും വളർത്തിയാൽ മാത്രമേ നമ്മുടെ ദൈവം വലിയവനാണ് എന്ന് മററുള്ളവർ പറയുന്നത്. കടൽപ്പുല്ല് എന്റെ തലപ്പാവ് ആയിരുന്നു എന്ന് പറയുന്നതിൽ നിന്ന് യോനായ്ക്കു ശ്വസിക്കാൻ വായു എവിടെനിന്ന് കിട്ടിയതിന് ഉത്തരമാണ്. ഒരു സൂചനമാത്രമാണ്. കടലാനയുടെ വയററിൽ എങ്ങനെയാണ് കടൽപ്പുല്ല് വന്നത്. ഈ കടലാന ഈ യോനയെ വിഴുങ്ങുന്നതിന്റെ തലേദിവസം ഒന്നും കിട്ടിയില്ല. ഭയങ്കര വിശപ്പ്. ആ സമുദ്രതീരത്തുകൂടി ഭക്ഷണം അന്വേഷിച്ച് നടക്കുകയായിരുന്നു. അപ്പോൾ കടൽപ്പുല്ല് നിറഞ്ഞുനിൽക്കുന്ന ഒരു കടലോരം, ആ പുല്ലിനിടയിൽ ഒരു ചെറിയ ജീവിയെ കണ്ടെത്തി. അതിനെ വിഴുങ്ങാനുള്ള ആവശത്തോട് വിശപ്പ് മൂത്തു നിൽക്കുന്ന ആ കടലാന അതിന്റെ വായ് മുഴുവൻ തുറന്നിട്ട് അതിനെ അകത്താക്കാനുള്ള ശ്രമത്തിൽ അവിടെയുണ്ടായിരുന്ന പുല്ല് എല്ലാംകൂടി അകത്തായി. അതിന്റെ പുറകെയാണ് യോനയെ കിട്ടുന്നത്. അതിനെയും വിഴുങ്ങി.

യോനാ കടലാനയുടെ വയററിൽ ചെന്നപ്പോൾ അവിടെയെല്ലാം ഒരു പ്രദേശത്തെ പുല്ല് എല്ലാം ഉണ്ടായിരുന്നു. ആ പുല്ലിന്റെ മുകളിലാണ് യോനാ തലവെച്ച് കിടന്നത്. കടൽപ്പുല്ല് ഓക്സിജൻ ഉൽപാദിപ്പിക്കുന്ന ഒരു ചെടിയാണ്. ദൈവത്തിന്റെ കരുതൽ. യോനായ്ക്കു മൂന്നു ദിവസം കടലാനയുടെ ഉള്ളിൽ താമസിക്കുന്നതിനുള്ള എല്ലാ സൗകര്യവും ഉണ്ടാക്കിയിരിക്കുന്നു. നമ്മളെ ദൈവത്തിന്റെ വേലയ്ക്കായി പ്രതിഷ്ഠിക്കാമെങ്കിൽ നമുക്കുവേണ്ടി ദൈവം കരുതും. മുമ്പേ സ്വർഗ്ഗരാജ്യ നീതിയും അന്വേഷിച്ചാൽ നമുക്ക് വേണ്ടതെല്ലാം നമ്മെ തേടിവരുമെന്ന് വി. മത്തായിയുടെ സുവിശേഷം 6 അദ്ധ്യായത്തിലെ ഒരു വാക്യമാണ്. ഒന്നിനെക്കുറിച്ചും ഭാരപ്പെടേണ്ടതില്ല, ദൈവത്തിന്റെ ഇഷ്ടം എന്താണെന്ന് അറിഞ്ഞാൽ മതി. ദൈവത്തിന്റെ നീതിയനുസരിച്ച് നീതി നിർവഹിക്കാൻ നമ്മെ വിട്ടുകൊടുത്താൽ മതി, നമുക്ക് വേണ്ടതെല്ലാം നമ്മെ തേടിവരും എന്നുള്ള കാര്യം നാം ഓർക്കണം. അങ്ങനെ യോനാ അനുസരണകെട്ട് പോയിയെങ്കിലും താൻ മുഖാന്തരമാണ് കടലിന് ക്ഷോഭം വന്നത് എന്ന് മനസ്സിലാക്കിയിട്ട് താൻ അനുതപിച്ചിട്ട് താൻ തന്നെ തന്നെ ശിക്ഷിക്കുകയാണ്. തന്നെ തന്നെ ദൈവസന്നിധിയിൽ വിട്ടുകൊടുക്കാൻ, ഞാൻ മുഖാന്തരം കടൽ ക്ഷോഭം ഉണ്ടായിയെങ്കിൽതന്നെ ശിക്ഷിക്കാൻ തോന്നിയ മനസ്സിനെ ദൈവം മാനിക്കുകയാണ്. ഇങ്ങനെ നാം നമ്മുടെ പാപങ്ങൾ കുററങ്ങൾ ഏററുപറഞ്ഞാൽ നാം മുഖാന്തരം സഭയിലും സമുഹത്തിലും പ്രശ്നങ്ങൾ തീരും തീർച്ച.

മററുള്ളവരെ കുററം പറയുന്നതിനുപകരം നമ്മളെതന്നെ കുററം വിധിക്കും. അതാണ് സ്വീകാര്യം. കഴിഞ്ഞകാലത്ത് നമുക്ക് അനുഗ്രഹങ്ങൾ കിട്ടാത്തതിന്റെ കാരണം എന്താണെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നാം മററുള്ളവരുടെ കുററങ്ങൾ മാത്രം ഊതി വീർപ്പിച്ചിട്ട് നമ്മുടെ കുററങ്ങൾ മറച്ചിട്ട് നാം നല്ല വ്യക്തിത്വതമായി മാറാൻ ശ്രമിക്കുകയാണ്. യോനാ തന്നെതാൻ വിധിച്ചപ്പോൾ നിനവയിലെ ന്യായാധിപനായി തന്നെ ദൈവം മാററന്നു. താൻ ഒരു പ്രതിയായി ദൈവസന്നിധിയിൽ വിനയപ്പെടുത്തിയപ്പോൾ ദൈവം അവനെ ജഡ്ജിയായി മാററുന്നു. ഈ യോനാ ഉയിർപ്പിന്റെ ശക്തിയിൽ നിനവയിൽ ചെന്നപ്പോൾ ഒററ വാചകമേ പറയുന്നുള്ളു. നിങ്ങൾ നിങ്ങളുടെ പാപത്തിൽ മരിക്കാൻ പോകുകയാണ്. നിങ്ങൾ മാനസാന്തരപ്പെടുന്നില്ലായെങ്കിൽ തകരാൻ പോകുകയാണ്. കേൾക്കുന്നവർ കരയാൻ തുടങ്ങി. നാം നമ്മുടെ കുററം സമ്മതിച്ചെങ്കിലെ മററുള്ളവർ അവരുടെ കുററം സമ്മതിക്കുകയുള്ളു. കുടുംബത്തിലെ അംഗങ്ങൾ ഇത് മാതൃകയായി എടുത്താൽ നല്ല സമുഹത്തെ മെനഞ്ഞെടുക്കുവാൻ കഴിയും. വിശുദ്ധ മത്തായി 7 ന്റെ 1-12 വരെ ധ്യാനിക്കുക. നാം മററുള്ളവരെ വിധിക്കുന്നതിൽ പ്രകാരം ദൈവം നമ്മെ വിധിക്കും. യോനായെ എടുത്തു കടലിൽ കളയാൻ പറയുന്ന യോനായുടെ മനസ്സ് നമുക്ക് വേണം. വക്കീലും ജഡ്ജിയും ആകാതെ പ്രതിയായി കുററങ്ങൾ ഏൽക്കണം. വിധി ഏററെടുക്കണം.

നാം മററുള്ളവരെ വിധിച്ച കപടഭക്തി മാറാത്തതുകൊണ്ടാണ് നമുക്ക് നന്നാവാനോ നന്നാക്കാനോ കഴിയാത്തത്. ആരെയും വിധിക്കാതെ സർവ്വരെയും ശ്രേഷ്ഠരായി എണ്ണികൊണ്ട് എല്ലാത്തിന്റെയും കുറവ് എന്നിലാണ് ആരംഭിച്ചിരിക്കുന്നത് പറയാൻ മനസ്സ് കാണിച്ചാൽ യോനായെ ഉയിർപ്പിച്ച ദൈവം നമ്മളെയും ഉയിർപ്പിക്കും. അനേകരെ നന്നാക്കാനുള്ള വേല നമ്മളെ ഏൽപ്പിക്കും. അങ്ങനെ യോനാ 3 ദിവസം ശരിക്കും പ്രാർത്ഥിച്ചപ്പോൾ യോനായെ നിനവെ രക്ഷിക്കാൻ പറഞ്ഞുവിട്ടു. ഉയിർപ്പിന്റെ ശക്തിയിൽ പോയി ഒററ വാചകം കേൾക്കുന്നവർ കരയാൻ തുടങ്ങി. നിനവക്കാരുടെ പ്രാണൻ തന്റെ കൈയിൽ ഉണ്ടായിരുന്നു. അത് പാതാളത്തിൽ നിന്ന് വീണ്ടെടുത്ത് കൊണ്ടു പോയതുകൊണ്ടാണ് അവരെ രക്ഷിക്കാൻ കഴിഞ്ഞത്. നമ്മുടെ സഭയിലെ പിതാക്കന്മാരെ നാം അവരുടെ കൈമുത്താൻ ചെല്ലുന്നത്. സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങൾ ആ കരങ്ങളിൽക്കൂടി ഒഴുകുന്നതുകൊണ്ടാണ് നാം കൈമുത്തി അനുഗ്രഹം പ്രാപിക്കുന്നത്. കടലാനയുടെ വയററിലെ 3 ദിവസത്തെ പ്രാർത്ഥനകൊണ്ട് നിനവക്കാരുടെ നഷ്ടപ്പെട്ടുപോയ പ്രാണനെ പാതാളത്തിൽ നിന്ന് വലിച്ചെടുക്കുവാൻ യോനായ്ക്കു കഴിഞ്ഞു. അത് സംഭരിക്കാൻ സാധിച്ചു. നിത്യദയാലുവായി വായ്പ കൊടുക്കുന്ന ഒരു Banker ആയി യോനാ മാറി. 'യോനാ ബാങ്ക്' സങ്കീർത്തനം 37. 3 ദിവസം കടലാനയുടെ വയററിൽ കിടന്ന് യഹോവയിൽ തന്നെ രസിച്ചു. യഹോവയിലും പ്രാർത്ഥനയിലും ഭക്തിയിൽ നാം രസിക്കണം. അപ്പോൾ കടലാനയുടെ വയററിൽ ഒരു ദൈവാലയമാക്കി മാററി. പാതാളത്തിൽ കിടന്ന പ്രാണനെ മുഴുവൻ വലിച്ചുവാരി തന്റെ ഉള്ളിലാക്കി നിനവക്കാർക്ക് കൊണ്ടുപോയി supply ചെയ്തപ്പോൾ അവർ

അത് താഴ്മയോട് ശ്രവിച്ചു. അവർ മാനസാന്തരപ്പെട്ടു രക്ഷപ്പെട്ട് യഥാസ്ഥാനപ്പെടുന്നു ഇതാണ് നമ്മുടെ സഭയിലെ ആരാധനയുടെ വിജയരഹസ്യം. നമ്മുടെ പിതാക്കന്മാർ അനേകവർഷങ്ങൾ ഇതുപോലെ മരുഭൂമികളിലും ഗുഹകളിലും കാടുകളിലും മററു ഒളിച്ചിരുന്ന് സ്വയശുദ്ധീകരണത്തിനും ശക്തീകരണത്തിനുവേണ്ടി പ്രാർത്ഥിച്ചിട്ട് നമ്മുടെ നഷ്ടപ്പെട്ടുപോയ പ്രാണൻ മുഴുവൻ അവരുടെ കൈയിൽ കിട്ടികഴിയുമ്പോൾ അവർ സമൂഹത്തിൽ ഒന്ന് ഇറങ്ങിയാൽ മതിയായിരുന്നു. ജനങ്ങൾ ഓടി കൂടും. അവരെ ഒന്ന് കണ്ടാൽ മതി, തൊട്ടാൽ മതി. നമ്മുടെ സഭാപിതാക്കന്മാർ അങ്ങനെ സഭയെ നയിച്ചവരാണ്. അവർ ആരും കാണാതെ മാറിയവരും യോനാ കടലാനയുടെ വയററിൽ കിടന്ന് പ്രാർത്ഥിച്ചതുപോലെ ആരും കാണാതെ പ്രാർത്ഥിച്ചവരും ഒരു സൗകര്യമില്ലാത്തയിടത്തും പ്രാർത്ഥിച്ചവരുമാണ്. മരച്ചുവട്ടിലും ഗുഹായ്ക്കകത്തും മരുഭൂമിയുടെ ആ വലിയ മണലാരണ്യത്തിലും മററും ഇരുന്ന് പ്രാർത്ഥിച്ച് അവർ ആരാധന നടത്തിയവരാണ്. അങ്ങനെയുള്ള പിതാക്കന്മാരാണ് നമ്മുടെ സഭയ്ക്കുള്ള ഇത്രയും വീര്യം തന്നത്. ആ അവസ്ഥയിലേക്ക് നാം മടങ്ങിവരാനാണ് ഈ നോമ്പുകൾ വെച്ചിരിക്കുന്നത്. നമുക്ക് ഒന്നാം നൂററാണ്ടിലേക്ക് മടങ്ങിപ്പോകാം. നമുക്ക് നവീകരണത്തേക്കാൾ പൂർവ്വീകരണമാണ് വേണ്ടത്. നമുക്ക് ഒന്നാം നൂററാണ്ടിൽ സഭയ്ക്ക് ഉണ്ടായിരുന്ന അനുഭവം തിരികെ കിട്ടുവനായി നമുക്ക് പുറകോട്ട് സഞ്ചരിക്കാം. അങ്ങനെ പുറകോട്ട് പോയിട്ട് മുമ്പോട്ടു വരുന്നതാണ് Retreat എന്നു പറയുന്നു. പുറകോട്ട് പോയിട്ട് ശക്തിയാർജ്ജിച്ച് മുമ്പോട്ട് പോകുന്നത് Retreat.

21ാം നൂററാണ്ടിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആ അനുഭവം ഒന്നാം നൂററാണ്ടിൽ ഉണ്ടായിരിന്നു. യോനായെപ്പോലെ അയ്യം വിളിച്ച് അനുഗ്രഹം പ്രാപിച്ചിട്ട് മററുള്ളവർക്ക് അത് വിതരണം ചെയ്യാൻ നമുക്ക് കഴിയുന്നുണ്ടോ? ആത്മനിറവിൽ ദൈവസന്നിധിയിൽ നിന്ന് വാങ്ങിച്ചുകൊണ്ടിരുന്നാൽ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്നത് ആർജ്ജിച്ചു കഴിഞ്ഞാൽ എല്ലാ പരിഭവങ്ങളും പരാതികളും തീർത്ത് നമുക്ക് ദൈവരാജ്യത്തിന്റെ അനുഭവം നിത്യവും ദയാലുവായി വായ്പ കൊടുക്കുന്ന Bank ആയി മാറാൻ കഴിയും. യോനാ തന്നെതന്നെ ദൈവത്തിൽ ഏൽപ്പിച്ചു കഴിഞ്ഞപ്പോൾ ഒരു സൗകര്യവുമില്ലാത്ത സ്ഥലത്ത് പ്രാർത്ഥിച്ചപ്പോൾ ഇവിടെ ഇതാ ദൈവം യോനായ്ക്കു ഒരു മുറിപോലെ എല്ലാ സൗകര്യങ്ങളോടുകൂടി ക്രമികരിച്ചുകൊടുക്കുന്നു. അവിടെ നിന്ന് സ്വർഗ്ഗത്തേക്ക് കണ്ണ് ഉയർത്താൻ യോനായ്ക്കു കഴിഞ്ഞു. കടലാനയുടെ വയററിൽ വെച്ച് യോനായ്ക്കു മനസ്സിലായ ഒരു കാര്യം തന്റെ പ്രാണൻ പാതാളത്തിന്റെ കുഴിയിൽ നിന്ന് കയറിയിരിക്കുന്നു. ഇങ്ങനെ ഒരു അനുഭവം നമുക്ക് ഉണ്ടായിട്ടുണ്ടോ? നമ്മുടെ പ്രാണൻ കുഴിയിലേക്ക് പോകുന്ന കാര്യം അറിയാമോ ഓരോ വിശുദ്ധ കുർബ്ബാന കഴിയുമ്പോൾ സമാധാനത്തോട് പോകുവിൻ എന്നു പറയുമ്പോൾ സമാധാനത്തോട് പോകണമെങ്കിൽ നഷ്ടപ്പെട്ട പ്രാണനെ

വീണ്ടെടുത്ത് തിരികെ എടുത്ത് വേണം തിരികെ പോകാൻ കെട്ടാനും ആഴിക്കാനുമുള്ള അധികാരം ഉപയോഗിച്ച് പാപമോചനപ്രാർത്ഥന നടത്തി ആരാധനയിലൂടെ നഷ്ടപ്പെട്ടു പോയ പ്രാണനെ വിലകൊടുത്ത് വാങ്ങിച്ച് തിരികെ ദൈവസന്നിധിയിൽ സമർപ്പിച്ചിട്ട് അതിനെ നമ്മളിലേക്ക് സമാധാനം എന്നു പറഞ്ഞ് യേശുവിനെ നമ്മുടെ ഉള്ളിലാക്കി പോകുന്നത് കാണുമ്പോൾ നമ്മുടെ കൂടെ ദൈവം ഉണ്ടല്ലോ എന്ന് മററുള്ളവർ പറയും. അങ്ങനെയായിരുന്ന ആദ്യനൂററാണ്ടിലെ അനുഭവങ്ങൾ എങ്ങനെയാണ് പ്രാണൻ കുഴിയിൽ പോകുന്നത്. സങ്കീർത്തനങ്ങൾ 49:15. യോനായുടെ പ്രാണൻ കുഴിയിൽ പോയി, ആ കുഴിയിൽ നിന്ന് അതിനെ വീണ്ടെടുത്തു. എങ്ങനെയാണ് കുഴിയിൽ പോയത്? നമ്മുടെ പ്രാണൻ കുഴിയിൽ പോയിട്ടുണ്ടോ? പ്രാർത്ഥിക്കുമ്പോൾ അത് കുഴിയിൽ നിന്ന് കയറി. അങ്ങനെ പ്രാണൻ കയറുകയും ഇറങ്ങുകയും ചെയ്യുന്ന വശങ്ങൾ ദേഹിയുടെ മണ്ഡലത്തിലുണ്ട്. മനുഷ്യന്റെ ദേഹിയുടെ മണ്ഡലം ഈ അണ്ഡഖഡാരത്തെക്കാൾ വിശാലമാണ്. അതിൽ നമ്മുടെ പ്രാണൻ നഷ്ടപ്പെട്ടുപോയാൽ പോകുന്ന വലിയ ഗർത്തങ്ങൾ ഉണ്ട്. രക്ഷപ്പെട്ടാൽ പോകുന്ന വലിയ പർവ്വതങ്ങളും ഉന്നതമായ സ്ഥാനങ്ങൾ നമ്മുടെ ദേഹിയുടെ മണ്ഡലത്തിലുണ്ട്. നമ്മുടെ ദേഹി സ്വയത്തിൽ ആശ്രയിച്ച് ജീവിക്കുമ്പോൾ നമ്മുടെ പ്രാണൻ പോകുന്ന ഒരു കുഴിയുണ്ട്. അത് കുഴഞ്ഞ ചേറുപോലെയാണ് സങ്കീർത്തനങ്ങൾ 40 : 25ൽ പറയുന്നു.

സങ്കീർത്തനങ്ങൾ 49 :13 വാക്യം മുതൽ വായിക്കുക. 15 ാം വാക്യത്തിന്റെ നിവൃത്തിയാണ് യോനാ പുസ്തകം 2 ാം അദ്ധ്യായം 6,7 വാക്യങ്ങൾ വായിക്കുക. സങ്കീർത്തനങ്ങൾ 49 അനുസരിച്ച് യോനായുടെ പ്രാണൻ പാതാളത്തിൽ പോയത് സ്വയത്തിൽ ആശ്രയിച്ചപ്പോയാണ് നിനവിയിലേക്ക് പോകാൻ പറഞ്ഞപ്പോൾ തർസ്സിസിലേക്ക് പോയി. അനുസരണകേട്, സ്വന്തഇഷ്ടപ്രകാരം കൂലി കൊടുത്ത് കപ്പൽ കയറി അരുതാത്ത സ്ഥലത്തേക്ക് പോയപ്പോൾ അത് സ്വയാശ്രയത്തിൽ ചെയ്ത ഒരു പണി ആയതുകൊണ്ട് തന്റെ പ്രാണൻ പാതാളത്തിലേക്ക് പോകാൻ തുടങ്ങി. ഇത് സ്വയാശ്രയക്കാരുടെ ഗതിയാണ്. പാതാളം പാർപ്പിടമാക്കിയ പ്രാണൻക്കുട്ടികൾ. അനുസരണകെട്ട ദിവസത്തിലെ പ്രാണൻ പാതാളത്തിലിയിരിക്കും തിരിഞ്ഞുനോക്കുക നാം എല്ലാദിവസങ്ങളും വചനപ്രകാരമാണ് ജീവിച്ചത് എന്നു പറയാൻ ധൈര്യമുണ്ടോ? സ്വന്തഇഷ്ടപ്രകാരം ജീവിക്കുന്ന ദിവസം സ്വന്ത ആഗ്രഹം സാധിച്ചു എന്ന ഒരു സംതൃപ്തി ഉണ്ടാകാം. പക്ഷേ അനുഭവം പാതാളത്തിലാണ്. ജീവിതത്തിലെ ഏററവും വലിയ ശത്രു നമ്മുടെ തന്നിഷ്ടം തന്നെയാണ്, സ്വയംതന്നെയാണ്. സ്വന്തഇഷ്ടത്തിലും സ്വയത്തിലും ഇരിക്കുന്നത് പിശാചാണ്. സ്വയം പിശാചിന്റെ ഇരിപ്പിടമാണ്. യേശുവിനെ അനുഗമിക്കണമെങ്കിൽ സ്വയത്തെ ത്യജിച്ചിട്ട് തന്റെ പിന്നാലെ വന്നാൽ മാത്രമേ ക്രിസ്ത്യാനിയാകൂ. എന്നാൽ എത്ര ക്രിസ്ത്യാനികൾ കാണും. മാമോദീസാ ഏററവർ ഒത്തിരിയുണ്ട്. സ്വർഗ്ഗത്തിലെ ബുക്കിൽ എത്ര ക്രിസ്ത്യാനികൾ കാണും. സ്വയത്തെ ത്യജിക്കുമ്പോൾ മാത്രമാണ് പിശാചിനെ കുഴിയിൽ തള്ളാൻ കഴിയുന്നത്. പിശാചിനെ ഉപേക്ഷിക്കുന്നു. മ്ശീഹായെ സ്വീകരിക്കുന്നു എന്ന് നാം മാമോദീസായാൽ

പറഞ്ഞതാണ്. വല്ലതും ഓർമ്മയുണ്ടോ? വല്ല്യപ്പച്ചനും വല്ല്യമ്മച്ചിയും അത് പറഞ്ഞതാണ്. 12 –ാം വയസ്സിൽ അത് പുതുക്കേണ്ടതായിരുന്നു. പുതുക്കിട്ടുണ്ടോ? 12 –ാം വയസ്സിൽ പിശാചിനെ ഉപേക്ഷിച്ച് മ്ശീഹായെ സ്വീകരിച്ച്, സ്വയത്തെയും ജഢത്തെയും ഉപേക്ഷിച്ചു. ദൈവം ഇഷ്ടം മാത്രം മതിയെന്ന് നമ്മൾ സ്നാനം ഏററപ്പോൾ പടിഞ്ഞാറോട്ട് തിരിഞ്ഞ് നിന്ന് ഇടതുകൈകൊണ്ട് ഇടതുകൈയിൽ പിടിച്ച് തലതൊട്ടവർ പറഞ്ഞതാണ്. അതു കഴിഞ്ഞ് വലതുകൈകൊണ്ട് വലതുകൈ പിടിച്ച് സ്വർഗ്ഗത്തിലേക്ക് നോക്കികൊണ്ട് ഞാൻ യേശുവിനെ സ്വീകരിച്ചിരിക്കുന്നു എന്നു പറഞ്ഞതാണ്. യേശുവിന്റെ ശിഷ്യനായിരിക്കാമെന്നു പറഞ്ഞതാണ്. എന്നാൽ ഇപ്പോൾ നമ്മുടെ കൈയിൽ എന്താണ്? സ്വന്തഇഷ്ടപ്രകാരം അല്ലേ ജീവിക്കുന്നത്? Christ Centre ആയിട്ടുള്ളവർ Christian, self centre ആയിട്ടുള്ളവർ selfian ആണ്. Christ ന് വേണ്ടി ജീവിക്കുന്നുവെങ്കിൽ മാത്രമേ Christian ആകുകയുള്ളു. ഞാനും എന്റെ ഇഷ്ടം നടത്താനാണ് സഭയും സമൂഹവുമെങ്കിൽ, we are not Christian, we are selfian എന്നു പറയാൻ സാധിക്കും. self നെ ക്രൂശിക്കാതെ കുരിശ് ഉണ്ടാകില്ല. കുരിശ് കഴുത്തേലും തലയിലും കൊണ്ടുനടന്നാൽ കുരിശ് ആകില്ല. I cut by the below code. I എന്ന വാക്കിന്റെ നടുവിൽ കൂടി ഒരു വര വരച്ചാൽ മതി. സ്വയത്തെ ദൈവഇഷ്ടകൊണ്ട് മുറിച്ചാൽ മതി.

ഞാൻ എന്ന അക്ഷരത്തെ ‘I’ കുറുകെ ഒരു വരയിടുമ്പോൾ ഒരു കുരിശു ഉണ്ടാകുന്നതുപോലെ തന്നെ I cut by the below code is Cross Christian centered Life എന്നു പറയാം. നമ്മുടെ ജീവിതത്തിലെ ഞാൻ, എന്റെ ഇഷ്ടം, താൽപര്യം, എന്റെ മാനം, മഹത്വം ഇതിനെല്ലാം ഒന്നാം സ്ഥാനം കൊടുത്താൽ ജയിക്കുന്നത് പിശാചാണ്. ചെയ്യുമ്പോൾ തൽക്കാലത്തേക്ക് ചെറിയ ആശ്വാസവും സുഖവും കിട്ടും. പക്ഷേ, പ്രാണൻ പാതാളത്തിലെ കുഴിയിലേക്കാണ് പോകുന്നത്. എന്നാൽ ആ പ്രാണൻ സ്വർഗ്ഗത്തിലേക്ക് പോകണമെങ്കിൽ സ്വയത്തിൽ ഇരിക്കുന്ന നമ്മുടെ ഇഷ്ടം ഒന്നും നടക്കേണ്ട ദൈവത്തിന്റെ ഇഷ്ടമാത്രം നടന്നാൽ മതിയെന്നു പറഞ്ഞ് നമ്മുടെ സ്വയത്തെ ത്യജിക്കുമ്പോൾ പിശാചിന് ഇരിക്കാൻ സ്ഥലമില്ല, അവൻ പുറത്തു ചാടും. അവൻ ഓടും. പിശാച് ഇരിക്കുന്ന സ്ഥലത്താണ് യേശു കയറി ഇരിക്കുന്നത്. അതിനുവേണ്ടിയാണ് പടിഞ്ഞാറെ വാതിൽവഴി പിശാചിനെ ഇറക്കിവിടുന്നത്. കിഴക്ക്വാതിൽ വഴിയായി യേശുവിനെ ഉൾക്കൊള്ളും. ഇതാണ് നമ്മുടെ മാമോദീസാ, വയസ്സ് ഇത്രയായിട്ടും പുതുക്കിയിട്ടുണ്ടോ? 12 വയസ്സിൽ 3 ദിവസം പ്രത്യേകം ധ്യാനിച്ച് സത്യകുമ്പസാരം നടത്തി പിശാചിനെ ഒരിക്കൽ കൂടി പടിഞ്ഞാറോട്ട് പറഞ്ഞു വിട്ട് യേശുവാണ് എന്റെ രക്ഷകൻ എന്ന് അവരവരെ കൊണ്ട് പറയിപ്പിക്കുന്നതാണ് 12 വയസ്സിലെ പുനഃപ്രതിഷ്ഠയുടെ ശുശ്രൂഷ. അതിന്റെ ക്രമം പരിശുദ്ധ സുന്നഹദോസ് ക്രമികരിച്ചിട്ടുണ്ട്. നമ്മുടെ ജീവിതത്തിൽ നമ്മുടെ പ്രാണക്കുട്ടികൾ പാതാളത്തിൽ പോകുന്നത് സ്വയത്തിൽ ആശ്രയിച്ച് ജീവിക്കുമ്പോഴാണ്.

അങ്ങനെ പോയാൽ പിന്നെ നമ്മെ നയിക്കുന്നത് മരണമെന്ന ഇടയനാണ്. നമ്മളെ മരണമാണോ ജീവനാണോ നയിക്കുന്നത്. സമൃദ്ധിയായ ജീവൻ നമുക്ക് ഉണ്ടോ? നമ്മൾ ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിച്ചാലേ യഹോവ തന്നെ ഇടയനാകുകയുള്ളു. ദൈവത്തിന്റെ ഇഷ്ടം ചെയ്യാത്തവരെ മൃത്യുവാണ് മേയിക്കുന്നത്. നമ്മുടെ ജീവിതത്തിൽ രണ്ട് ഇടയന്മാർ ഉണ്ടാകാൻ സാധ്യതകൾ വളരെയുണ്ട്. മരണമെന്ന ഇടയനും ജീവനാകുന്ന ഇടയനും. 100% പ്രാണനും ദൈവഹിതപ്രകാരം ജീവിച്ച് സൃഷ്ടാവിങ്കൽ ഭരമേൽപ്പിക്കുന്നവർക്കു മാത്രമേ യഹോവ എന്റെ ഇടയാനാകുന്നു എന്ന പാട്ടുപാടാൻ അവകാശമുള്ളു. സത്യകുമ്പസാരം നടത്തി വിശുദ്ധ കുർബ്ബാന അനുഭവിച്ച് 100% പ്രാണൻ ദൈവത്തിൽ ആയ ഒരു പുരോഹിതനാണ് 23 ാം സങ്കീർത്തനം വായിച്ച് വിശുദ്ധ കുർബ്ബാന അവസാനിപ്പിക്കുന്നത്. എല്ലാ കുർബ്ബാന തക്സായിലും കുർബ്ബാന അവസാനം 23 ാം സങ്കീർത്തനം ധ്യാനിക്കാൻ വെച്ചിട്ടുണ്ട്. രാത്രിപ്രാർത്ഥന നടത്തി നല്ലവണ്ണം ഒരുങ്ങി വിശുദ്ധ കുർബ്ബാന ദൈവാത്മാവിൽ ചൊല്ലി കുർബ്ബാന കൊടുത്ത് കുർബ്ബാന അനുഭവിച്ചതിനുശേഷം ഒരു പുരോഹിതൻ ചൊല്ലുന്നതാണ് 23 ാം സങ്കീർത്തനം. 100% പ്രാണൻ യേശുവിൽ ആയാൽ മാത്രമേ യഹോവ എന്റെ ഇടയനാകുന്നു എന്നു പറയാൻ സാധിക്കുന്നത്. അല്ലെങ്കിൽ കള്ളം പറയുന്നതാണ്. പാപം വർദ്ധിക്കും.

100% പ്രാണൻ പാതാളത്തിൽ നിന്ന് കയറി യേശുവിലുണ്ടെന്ന് പറയാൻ ധൈര്യമുള്ളവരാണ് 23 ാം സങ്കീർത്തനം ചൊല്ലേണ്ടത്. അല്ലാത്തവർ ചൊല്ലേണ്ടത് 49 ാം സങ്കീർത്തനം ആണ്. സത്യകുമ്പസാരം നടത്തി സ്വയത്തോട് യാത്രപറഞ്ഞ് നമ്മുടെ മാമോദീസായിലെ പ്രതിഷ്ഠ ഒന്നുകൂടി പുതുക്കി കർത്താവ് എന്നെ നയിക്കണമെന്ന് ഉറപ്പുവരുമ്പോഴാണ് 23 ാം സങ്കീർത്തനം ചൊല്ലേണ്ടത്. ആത്മാർത്ഥമായി അത് ചൊല്ലുമ്പോൾ 100% പ്രാണനും പാതാളത്തിൽ നിന്ന് കരകയറിയിരിക്കും. അപ്പോൾ മൃത്യുവല്ല, ജീവനായിരിക്കും നമ്മെ നയിക്കുന്നത്. യോനാ സ്വന്തം ഇഷ്ടപ്രകാരം ദൈവത്തിൽ നിന്ന് അകന്നു അകന്നു പോയി. അപ്പോൾ തന്റെ പ്രാണൻ കപ്പലിൽ യാത്ര ചെയ്യുമ്പോൾ പാതാളത്തിൽ പോയികൊണ്ടിരിക്കുകയായിരുന്നു. സ്വന്തഇഷ്ടപ്രകാരം എന്തുചെയ്താലും എവിടെ പോയാലും പ്രാണൻ പാതാളത്തിലേക്ക് പോകും. ദൈവഹിതപ്രകാരമാണ് ഓരോ കാര്യവും ചെയ്യാൻ, യാത്ര ചെയ്യുവാൻ. യോനാ അത് ഏററുപറഞ്ഞ് തന്റെ പ്രാണനെ അവൻ കുഴിയിൽ നിന്ന് കയററി. എപ്പോഴാണ്, സ്വയത്തെ ത്യജിച്ച് വിധി നടപ്പിലാക്കി, കടലാനയുടെ വയററിൽ 3 ദിവസം ഉപവസിച്ചപ്പോൾ, പാതാളത്തിൽ പോയ പ്രാണനെ ലഭിക്കുവാൻ ദാവീദ് എന്താണ് ചെയ്തത് എന്ന് 40ാം സങ്കീർത്തനത്തിലൂടെ ശ്രദ്ധിക്കാം. നമ്മുടെ പ്രാണൻ കഴിഞ്ഞകാലങ്ങളിൽ സ്വയത്തിൽ ആശ്രയിച്ച് കുഴിയിൽ പോയതാണെന്ന് ഓർമ്മയുണ്ടെങ്കിൽ, ബോധ്യമുണ്ടെങ്കിൽ അനുതാപത്തിന്റെ ഈ 3

നോമ്പിന്റെ മദ്ധ്യത്തിൽ നമുക്ക് ദാവിദിനെപ്പോലെ കാത്തിരിക്കാം. യോനായുടെ പ്രസംഗം കേട്ട് ലക്ഷകണക്കിന് ആളുകൾ അനുതപിച്ച് ദൈവത്തിൽ വിശ്വസിച്ചതിന്റെ കാര്യം യോനാ കുഴഞ്ഞചേററിൽ നിന്ന് കയറിയ ശേഷം തന്റെ പ്രാണനെ പാതാളത്തിൽ നിന്ന് കയററി, ദൈവത്തിന്റെ പാറയിൽ നിന്നതിനുശേഷം സമൃദ്ധിയായ ജീവൻ ലഭിച്ചിട്ട് പ്രാണൻ രക്ഷപ്പെട്ട സന്തോഷത്തിലാണ് താൻ നിനുവയിൽ പോയി പ്രാർത്ഥിച്ച് ധ്യാനിച്ച് വചനം പറഞ്ഞത്. ആ സ്തുതി കേട്ടപ്പോൾ എന്റെ പ്രാണനെ പാതാളത്തിൽ നിന്ന് രക്ഷിച്ചു എന്ന് പ്രാർത്ഥിച്ചത് നിനുവയിൽ സുവിശേഷം പ്രസംഗിച്ച സ്ഥലത്ത് ആവർത്തിച്ചു. ഞാൻ പാതാളത്തിൽ ആയിരുന്നു അവൻ എന്നെ രക്ഷിച്ചു എന്ന് പറഞ്ഞ് ദൈവത്തെ സ്തുതിക്കുന്നത് കേട്ടപ്പോൾ കേട്ടവർ കേട്ടവർ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. അവരുടെ പാപങ്ങൾ ഏററുപറയാൻ തുടങ്ങി. അവർ രക്ഷപ്പെടാൻ തുടങ്ങി. ദാവിദിന്റെ പ്രാർത്ഥന കേട്ടതുപോലെ അനേകർ ദൈവത്തിൽ ആശ്രയിച്ചു എന്നു പറയുന്നു. നമ്മുടെ പ്രാർത്ഥനകളോ സ്തുതികളോ കേട്ടിട്ട് ആരെങ്കിലും യഹോവയിലേക്ക് വരുന്നുണ്ടോ? അത് ശരിയായ സ്തുതിയായതുകൊണ്ടാണ്. സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതമെന്ന് എഴുതിയിരിക്കുന്നു. നമ്മുടെ കള്ളസ്തുതി കർത്താവിനെ വേദനിപ്പിക്കുന്നതാണ്. കപടഭക്തിയിൽ നിന്നുള്ള സ്തുതി മനുഷ്യനെ കാണിക്കാനായിരിക്കും. അത് ഹൃദയത്തിൽ നിന്നുള്ള സ്തുതിയാണെങ്കിൽ മാത്രമേ മററുള്ളവരെ നേടാൻ സാധിക്കുകയുള്ളു.

സ്തുതിയും സ്തോത്രവും ഇടവിടാതെ അർപ്പിക്കാനാണ് ആരാധന വെച്ചിരിക്കുന്നത്. പ്രാണൻ 100% യേശുവിലായവർക്ക് മാത്രമേ അങ്ങനെ സ്തുതിക്കാൻ സാധിക്കുകയുള്ളു. പ്രാണൻ പാതാളത്തിൽ കിടന്നുള്ള സ്തുതി കള്ളസ്തുതി ആയിരിക്കും. അത് അരോചകമായിരിക്കും. അതിനോട് പിശാചിന് ഒരു പേടിയുമില്ല. സ്തുതിയുടെ പാട്ട് നിൽക്കരുതെന്ന് ആണെങ്കിൽ അത് ആത്മാവിലുള്ളതായിരിക്കണം. മഹത്വം..രക്ഷകാ..സ്തുതിക്കാം…എന്ന പാട്ടുകാരന്റെ സന്ദേശമാണിത്. ആത്മാവിലുള്ള സ്തുതി അത് സംപ്രേക്ഷണം ചെയ്യുന്നുണ്ട്. ആത്മാവിലെ പ്രാർത്ഥന ലോകം മുഴുവൻ അലയടിക്കും. എല്ലാ ഹൃദയങ്ങളിലും അലയടിക്കും. യേശുവിന്റെ പാതാളത്തിലെ പ്രാർത്ഥന, യോനായുടെ പാതാളത്തിലെ ഈ പ്രാർത്ഥന അവിടെ നിന്നില്ല, അത് സ്വർഗ്ഗത്തിലെ റേഡിയോ നിലയത്തിലേക്കും ടെലിവിഷൻ നിലയത്തിലേക്കും സംപ്രേക്ഷണം ചെയ്തതുകൊണ്ട് അത് എല്ലാ മനുഷ്യഹൃദയങ്ങളിലും അലയടിച്ചുകൊണ്ടിരിക്കുന്നത്. പ്രാർത്ഥന സ്ഥലകാല പരിമിതിയില്ലാതെ എല്ലാ തലമുറകളിലേക്കും എല്ലാ സ്ഥലത്തേക്കും കടന്നു ചെല്ലുന്നതാണ്. ദൈവാത്മാവിൽ അത് ചൊല്ലിയാൽ സ്വർഗ്ഗത്തിൽ നിന്ന് അത് ലൈവായി സംപ്രേക്ഷണം ചെയ്തതു എല്ലാ സ്ഥലത്തേക്കും എല്ലാ കാലത്തേക്കും പോകുന്നുണ്ട്. യേശുവിന്റെ പ്രാർത്ഥന ഇന്നും എന്നും അനന്യനായി എല്ലാവരുടെയും ഹൃദയത്തിൽ അലയടിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ആത്മാവിന്റെ ചെവി തുറന്നുവെച്ചാൽ യോനായുടെയും യേശുവിന്റെയും പ്രസംഗം ഇപ്പോഴും കേൾക്കാൻ കഴിയും. അതുകൊണ്ട്

ആത്മാവിൽ ആയാൽ ഈ ലോകത്തിലെ സകലരുടെയും പ്രാർത്ഥനയും നമുക്ക് കേൾക്കാൻ കഴിയും. അത് അനുഭവിച്ച് ആസ്വദിക്കാൻ കഴിയും. ഈ യോനായുടെ പ്രാർത്ഥന സ്വർഗ്ഗത്തിൽ എത്തി. യോനാ കടലാനയുടെ വായിലേക്ക് പോയപ്പോൾ നെഞ്ചത്തടിച്ചു പ്രാർത്ഥിച്ചു. വെള്ളത്തിലേക്ക് വീണപ്പോൾ തന്നെ പ്രാർത്ഥിച്ചു. ദൈവമേ, നീ എന്നെ നിനവയ്ക്കു വിട്ടതാണ്. ഞാൻ പോയില്ല. ഞാൻ കയറിയ കപ്പൽ തകരാൻ പോകുന്നു. ഞാൻ മുഖാന്തരം അവരും വിഷമിച്ചു. എന്നെ ഇതാ എടുത്ത് എറിഞ്ഞിരിക്കുകയാണ്. അവരെല്ലാം രക്ഷപ്പെട്ടു. എന്നോട് കരുണയുണ്ടാകണം. നീ എന്നെ രക്ഷിക്കുകയാണെങ്കിൽ ഞാൻ നിന്റെ സാക്ഷിയായിക്കൊള്ളാം. നീ പറയുന്നയിടത്ത് എല്ലാം പോകാം. എന്ന വാക്ക് പറഞ്ഞു. അവിടെ ദൈവം കയറിപിടിച്ചു. ദൈവം നമ്മെ ഞെരുക്കുന്നത് ഇതിനാണ്. ദൈവത്തോട് ഒരു വാക്ക് പറയുന്നതിനാണ്. അങ്ങനെ ഒരു ഉടമ്പടി ചെയ്താൽ അവിടെ ദൈവം കയറിപിടിക്കും. നമ്മുടെ നേർച്ചകൾ ഉണ്ടാകുന്നത് എപ്പോഴാണ്. ഗതി മുട്ടുമ്പോൾ അമ്മമാരും വല്യമ്മച്ചിന്മാരും നേർച്ച നേരും. കൊച്ചുമക്കൾക്ക് രോഗം വരുന്നത് കാണുമ്പോൾ, പ്രശ്നം വരുമ്പോൾ, അത് പരിഹരിക്കുമ്പോൾ നേർച്ച നേരുന്നു. അതിനെല്ലാം അർത്ഥമുണ്ട്. അങ്ങനെ യോനാ ഒരു നേർച്ച നേർന്ന കാര്യം ഇവിടെ സൂചിപ്പിച്ചിരിക്കുകയാണ്. എന്തായിരുന്നു ആ നേർച്ച. ഞാൻ ഇടവിടാതെ നിന്നെ സ്തുതിച്ചുകൊണ്ടിരിക്കും. ഇനിയും നിന്റെ ഇഷ്ടപ്രകാരമേ ഇനിയും പോകുകയുള്ളു. നീ പറയുന്നിടത്തോളം പോകാം. സുവിശേഷകരമായ നടപടികളിലേക്ക് എന്നെ ആനയിക്കണം. ആ വാക്ക് പാലിച്ചിട്ടാണ് യോനായെ കടലാനയുടെ വയററിൽ നിന്ന് പുറത്ത് ചാടിച്ചത്.

നമ്മുടെ ജീവിതയാത്രയിലെ എല്ലാ കാര്യവും സുഗമമാക്കുവാൻ അവൻ സകലതും നമുക്കുവേണ്ടി നിർവഹിച്ചു തരാൻ വിജയകരമായി ജീവിക്കുവാൻ ഈ ഞെരുക്കങ്ങളെല്ലാം പ്രാർത്ഥനയാക്കി മാററി അതെല്ലാം ദൈവത്തോട് ഉടമ്പടി ചെയ്യുവാൻ ഇടയാകട്ടെ. നേർച്ചനേർന്നാൽ അത് നിർവഹിക്കാൻ മറക്കരുത്. നേർച്ചകൾക്ക് വിലയുണ്ട്. അത് സ്വർഗ്ഗത്തെ ഇളക്കുന്നതാണ്. അത് വാക്കു പാലിക്കേണം. വാക്കു പാലിക്കാൻ ഉറപ്പുണ്ടെങ്കിൽ മാത്രമേ അത് പറയാവു. നേർച്ചയ്ക്കു വലിയ ശക്തിയാണ്. യോനയുടെ നേർച്ച ഇതായിരുന്നു. ഞാൻ അനുസരണകെട്ടവനാണ്, കടലിൽ വീണു. നീ എന്നോട് കരുണയുണ്ടാകണം. നീ എന്നെ രക്ഷിക്കേണം. നീ എന്നെ ജീവനോട് എവിടെയെങ്കിലും രക്ഷിച്ച് എത്തിക്കുകയാണെങ്കിൽ ഞാൻ പറഞ്ഞവാക്ക് പാലിച്ചു കൊള്ളാം. ദൈവം മാനിക്കുന്നവനാണ്, രക്ഷപ്പെടേണ്ടതായ ഒരു ഭാഗം. അങ്ങനെ രക്ഷപൂർത്തി പ്രാപിക്കുവാൻ ദൈവം ഇതാ വീണ്ടും ഒരു വലിയ അവസരം തന്നിരിക്കുന്നു. കഴിഞ്ഞകാലജീവിതത്തിൽ രക്ഷ നഷ്ടപ്പെട്ട ദിവസങ്ങൾ ഉണ്ടാകാം. സ്വയത്തിൽ ആശ്രയിച്ചപ്പോൾ പ്രാണൻ പാതാളത്തിൽ പോകും. കൃപായുഗം നീട്ടി നീട്ടി നമുക്ക് ഇതാ വീണ്ടും രക്ഷ തരുവാൻ ദൈവം അവസരം നൽകിയിരിക്കുന്നു. രക്ഷ പൂർണ്ണമായി ലഭിച്ചു എന്നു പറയാൻ സാധിക്കുമോ? യോനായുടെ നേർച്ച, മാമോദീസായിൽ നാം എടുത്ത ആ സാക്ഷ്യം വാക്ക്യം പുതുക്കി ലോകത്തിന്റെ അററത്തോളം സാക്ഷിയാകും. ഞാൻ നിന്നെ സ്തുതിക്കും. കണ്ണുകൾ അടച്ച് നമ്മളോട് തന്നെ ചോദിക്കാം. നേർച്ചകൾ കഴിക്കാനാണോ നാം ദൈവാലയത്തിൽ വരുന്നത്.

ദൈവാലയപ്രവേശന പ്രാർത്ഥനയിൽ അത് സൂചിപ്പിക്കുന്നു. നേർച്ചയെന്നത് പണമല്ല, നമ്മളെതന്നെ സമർപ്പിക്കാനാണ്. **യേശു നമുക്ക് തന്നത് യേശുവിനെ തന്നെയാണ്.** നാം നമ്മളെതന്നെ യേശുവിന് കൊടുത്തിട്ടുണ്ടോ? നമ്മുടെ പ്രാണനെ യേശുവിന് കൊടുത്തിട്ടുണ്ടോ? നമ്മുടെ ഹൃദയം യേശുവിന് കൊടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ നമ്മുടെ നേർച്ചകൾ ഇതുവരെ നിവർത്തിയായിട്ടില്ല. നമ്മളും നമ്മുടെ പൂർവ്വികരും കൂടി ഞങ്ങളും ഞങ്ങളുടെ മക്കളും നിന്നെ ആരാധിച്ചുകൊള്ളാം എന്നൊരു വലിയ നേർച്ചയും പ്രതിജ്ഞയും പറഞ്ഞവരാണ്. ആരാധന കടം വീട്ടാനാണ്. ആരാധനയിലൂടെ മഹത്വവും ശക്തിയും കൊടുത്തിട്ട് കടം വീട്ടാനാണ് എന്നൊർക്കണം. ഈ ലോകം ആകുന്ന കടലാനയുടെ വയററിലേക്ക് നമ്മുടെ പ്രാണൻ പോയിരുന്നു. ആ പ്രാണൻ അവിടെ കിടന്ന് നിലവിളിക്കുകയായിരുന്നു. ഈ നോമ്പിൽ യോനായെപ്പോലെ നിലവിളിക്കാൻ ഒരു ഭാഗ്യം ലഭിച്ചതിന് നന്ദി പറയാം. നമ്മുടെ ദൈവാലയങ്ങൾക്ക് നന്ദി പറയാം. കർത്താവ് മത്സ്യത്തിന്റെ വയറിനെ ഒരു ദൈവാലയം ആക്കിയതുപോലെ നമുക്ക് ലഭിച്ച ആരാധനസ്ഥലങ്ങൾ ഒരുക്കിയിരിക്കുന്നു. നമ്മുടെ ബോധവിചാരഹൃദയങ്ങളെ സ്വർഗ്ഗത്തിലാക്കുവാൻ ദൈവം നമുക്ക് ഒരുക്കി എന്നതാണ് ഈ സ്ഥലം. കർത്താവ് ഈ സ്ഥലത്തുകൂടി വചനശുശ്രൂഷയിൽ കൂടി രോഗശാന്തി ശുശ്രൂഷ നടത്തികൊണ്ടിരിക്കുന്നു. ഒന്നാം നൂററാണ്ടിൽ കർത്താവ് ആരംഭിച്ച രോഗശാന്തി ശുശ്രൂഷ ഇപ്പോഴും തുടരുന്നു. യോനാ നിനവയിലേക്ക് പോയതുപോലെ ദൈവത്തിന്റെ ആത്മാവിൽ സകലവിശുദ്ധന്മാരും ശുദ്ധിമതികളും ദൈവലായത്തിൽ എത്തി രോഗശാന്തി ശുശ്രൂഷ നടത്തികൊണ്ടിരിക്കുന്നു. ദൈവത്തിന് പ്രസാദകരമായ യാഗമായി അർപ്പിക്കുവാൻ നമ്മുടെ ഹൃദയം വിശാലമാകുമ്പോൾ ദൈവത്തിന്റെ കല്പനകളുടെ വഴിയിൽ ഓടുവാൻ അനുസരണക്കേടിന്റെ വഴിയിൽ നിന്ന് തിരികെവരുവാൻ ദൈവത്തെ ദുഃഖിപ്പിച്ച കേസ്സുകൾ തീർക്കാൻ നമുക്ക് പ്രാർത്ഥിക്കാം. ഉല്പത്തി 6:6 പറഞ്ഞിരിക്കുന്നതുപോലെ മനുഷ്യനെ സൃഷ്ടിച്ചതുകൊണ്ട് ദൈവം ദുഃഖിച്ചു എന്നു പറയുന്നതുപോലെ നമ്മളെ ദൈവം ഈ ഭൂമിയിൽ ആക്കിയതുകൊണ്ട് ചുമതല ഏൽപ്പിച്ചിട്ട് ദുഃഖിച്ചെങ്കിൽ ആ ദുഃഖം മാററാൻ നമുക്ക് പ്രാർത്ഥിക്കാം. അതെല്ലാം ഏററുപറഞ്ഞിട്ട് കർത്താവിനെ സന്തോഷിപ്പിക്കുന്നവർ, പ്രസാദിപ്പിക്കുന്നവരായി തീരുവാൻ നമ്മളെ തന്നെ നമുക്ക് സമർപ്പിക്കാം. എന്നുള്ളമേ……സ്തുതിക്കാം……നീ…..